## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4181

12.11.2019 ൽ മറുപടിക്ക്

# ഈറ്റ മേഖലയ്ക്കായുള്ള വികസനപദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ | ശ്രീ. ഇ. പി. ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും, വകുപ്പ് മന്ത്രി) |
| (എ) പരമ്പരാഗത ഈറ്റ വ്യവസായ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഈറ്റയുടെ കുറവും ഈ രംഗത്ത് തൊഴിലാളികളെ കിട്ടാത്തതും ഈ മേഖലയെ എപ്രകാരമാണ് ബാധിച്ചിട്ടുള്ളത്; | (ബി) ഈറ്റ വെട്ട് - പനമ്പ് നെയ്ത്ത് മേഖലയിലെ തൊഴിലാളികളുടെ ഉന്നമനവും, പുരോഗതിയും, സാമൂഹ്യ സുരക്ഷിതത്വവും ലക്ഷ്യമിട്ട് രൂപീകൃതമായ പൊതുമേഖലാ സ്ഥാപനമാണ് കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ. ഈറ്റയുടെ ലഭ്യതക്കുറവും തൊഴിലാളികളുടെ കുറവും മൂലം കോർപ്പറേഷന്റെ പ്രധാന ഉല്പന്നമായ പനമ്പിന്റെ ഉല്പാദനത്തിൽ സാരമായ കുറവുകൾ ഉണ്ടാകുന്നുണ്ട്. ക്ലോഷർ പിരീഡ് ആയ ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ഈറ്റ വെട്ടുന്നതിനുള്ള പരിമിതികൾ കാരണം കോർപ്പറേഷനെ ആശ്രയിച്ച് ഉപജീവനം നടത്തുന്ന പനമ്പ് നെയ്ത്ത് തൊഴിലാളികൾ, കോർപ്പറേഷനിൽ നിന്നും ഈറ്റ ഉപയോഗിച്ച് കുട്ട, വട്ടി, മുറം എന്നിവ നെയ്യുന്നവർ എന്നിവർക്കെല്ലാം ഈറ്റ ആവശ്യത്തിന് ലഭ്യമല്ലാതെ വരുന്ന സാഹചര്യം ഉണ്ടാകാറുണ്ട്. സർക്കാർ പ്രഖ്യാപിച്ച മിനിമം വേജസ്സ് ഈ സ്ഥാപനത്തിൽ നടപ്പിലാക്കി വരുന്നു. എന്നാൽ ഈ തൊഴിലാളികൾക്ക് സാമ്പത്തിക ലഭ്യതക്കനുസരിച്ച് ഡി.എ. നൽകിവരുന്നു. |

| | |
|---|---|
| (സി) ബാംബൂ കോർപ്പറേഷൻ ഈ മേഖലയിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; | (സി) വനം വകുപ്പിൽ നിന്നും അനുവദിച്ച് നൽകുന്ന ഈറ്റ വനത്തിൽ നിന്ന് ശേഖരിച്ച് കോർപ്പറേഷന്റെ ഡിപ്പോകൾ വഴി നെയ്ത്തുകാർക്ക് നൽകി അതിൽ നിന്ന് പനമ്പ് ശേഖരിച്ച് ബാംബൂ പ്ലൈ ഉല്പാദിപ്പിച്ച് വിപണനം നടത്തി അതിലൂടെയാണ് കോർപ്പറേഷന്റെ വരുമാനം കണ്ടെത്തുന്നത്. കൂടാതെ ബാംബൂ ഫ്ളാറ്റന്റ് ബോർഡ്, ബാംബൂ ഫ്ളോറിംഗ് ടൈൽ, ബാംബൂ ഫർണിച്ചർ, കരകൗശല വസ്തുക്കൾ തുടങ്ങിയ ഉല്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തി വരുന്നു. സംസ്കരിച്ച മുള ഉപയോഗിച്ച് വനം വകുപ്പ്, കെ.ടി.ഡി.സി., ഫിഷറീസ് യൂണിവേഴ്സിറ്റി എന്നീ സർക്കാർ സ്ഥാപനങ്ങളുടെ സഹായത്തോട് കൂടി എക്കോ ഹബുകൾ, ബാംബൂ ഹട്ടുകൾ, ബാംബൂ ഫർണ്ണീച്ചർ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ, ബോട്ടുകളുടെ നിർമ്മാണവും അറ്റകുറ്റപണികളും നടത്തിവരുന്നു. കേരള മത്സ്യബന്ധന സമുദ്രഗവേഷണ സർവ്വകലാശാല (KUFOS) യുടെ മാൻഗ്രോവ് ഡെമോൺസ്ട്രേഷൻ സെന്ററിന്റെ നിർമ്മാണം സംസ്കരിച്ച മുളയും കോർപ്പറേഷന്റെ മറ്റു ഉല്പന്നങ്ങളും ഉപയോഗിച്ച് നടന്നു വരുന്നു. |
| (ഡി) ഈറ്റ മേഖലയിലെ തൊഴിലാളികളെ സഹായിക്കുന്നതിനായി എന്തെങ്കിലും പുതിയ പദ്ധതി കോർപ്പറേഷൻ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) കേന്ദ്ര സർക്കാർ അംഗീകരിച്ച് സംസ്ഥാന ബാംബൂ മിഷൻ വഴി വിവിധ പദ്ധതികളിലൂടെ 25.41 കോടി രൂപയുടെ പ്രൊജക്ടുകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഈ പ്രൊജക്ടുകൾ നടപ്പിലാക്കുന്നതോടെ ഈ പരമ്പരാഗത വ്യവസായത്തെ കൂടുതൽ പ്രോത്സാഹിപ്പിക്കാനാകുന്നതാണ്. |

സെക്ഷൻ ഓഫീസർ